ഉത്തരം

(എ) വനിതാ വികസന കോർപ്പറേഷനിലൂടെ ഇപ്പോൾ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. നൊറാഡ് പരിശീലന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതികൾ
2. സ്റ്റെപ്പ് പരിശീലന ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവ മുഖേന നടത്തുന്ന വിവിധ പദ്ധതികൾ
3. വനിതാ സ്വയംതൊഴിൽ വായ്പാ പദ്ധതികൾ
4. നഗരസഹായി പദ്ധതി
5. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
6. തീരദേശ വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി
7. വിമൻസ് കോപ്ലക്സ്
8. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഫോർ വിമൻ മുഖേനയുള്ള പരിശീലന പരിപാടികൾ
9. സോഷ്യൽ വെൽഫെയർ സ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ
10. സിംഗിൾ വിമൻ ബെനിഫിറ്റ് സ്കീം
11. തൊഴിലധിഷ്ഠിത പരിശീലന പരിപാടി, എക്സിബിഷൻ/ഫെയർ, മാർക്കറ്റിംഗ് സെന്ററുകൾ സ്ഥാപിക്കൽ.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു †

സിസ് ഗവൺമെന്റിന്റെ സഹായത്തോടെ പഞ്ചായത്തുതലത്തിൽ ജാഗ്രത സമിതികൾ

155 [1334] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിസ് ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാന വനിതാ കമ്മീഷൻ പഞ്ചായത്തുതലത്തിൽ ജാഗ്രത സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിനുവേണ്ടി സിസ് ഏജൻസി ഏതെല്ലാം രീതിയിലുള്ള സഹായങ്ങളാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനം റിപ്പു ലീകരിക്കുന്നതിനും താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക് സ്വിസ് ഗവൺമെന്റിന്റെ അന്താരാഷ്ട്ര റികസന സഹകരണ വിഭാഗമായി സ്വിസ് ഏജൻസി ഫോർ ഡവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ, എഫ്.സി.ആർ.എ. രജിസ്ട്രേഷൻ ഉള്ള സന്നദ്ധ സംഘടനകൾവഴി ജാഗ്രതാ സമിതികൾക്ക് ധനസഹായം നൽകുന്നുണ്ട്. ഇതിനകം മടവൂർ, വാരപ്പെട്ടി, മുക്കം, പയ്യോളി, മീനങ്ങാടി, പാണഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഇത്തരം സമിതികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. സമിതി കളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുന്ന ഒരു നോഡൽ ഏജൻസിയായിട്ടാണ് വനിതാ കമ്മീഷൻ പ്രവർത്തിക്കുന്നത്.

(ബി) പരിശീലനങ്ങൾ, ശിൽപ്പശാലകൾ തുടങ്ങിയ കാര്യശേഷി വർദ്ധിപ്പിക്കൽ പ്രവർത്തനങ്ങൾക്കാണ് ധനസഹായം നൽകുന്നത്.

(സി) ജാഗ്രതാ സമിതികളുടെ പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുവാൻ നേതൃത്വപരമായ പങ്കുവഹിക്കാൻ കേരള വനിതാ കമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ അതിന് അനുവാദം നൽകി ഉത്തരവു പുറപ്പെടു വിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങൾക്കുവേണ്ടിയുള്ള ജില്ലാ സമിതികളും ജാഗ്രതാ സമിതികളും പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

കരിമണൽ ഖനനാനുമതി റദ്ദ് ചെയ്യാൻ നടപടി

156 [1339] *ശ്രീ. ടി. കെ. ദേവകുമാർ:*
ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്ജ്
,, *രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പുറക്കാട് വില്ലേജുകളിലെ തീരപ്രദേശങ്ങളിൽ നിന്നും കരിമണൽ ഖനനം നടത്താൻ ഒരു സ്വകാര്യ കമ്പനിക്ക് കേന്ദ്ര ഖനിമന്ത്രാലയം അനുമതി നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly